**VIJNANABHAVAN - KOTHAMANGALAM**
**FIRST SEMESTER EXAMINATION 2022 - 2023**

STD XII — Time : 2 hrs.
16.10.2022 — Marks : 70

പേര് ..........................................................................................

വീട്ടുപേര് .............................................................................

ഡിവിഷൻ ..........................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന്റെ കോളത്തിൽ ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 X 1 = 10)

1 'പദാർത്ഥമാണ് യാഥാർത്ഥ്യം അതിനപ്പുറത്ത് ഒന്നും ഇല്ല' എന്ന ചിന്ത മുറകെ പിടിക്കുന്ന ദർശനമാണ്.

☐ യുക്തിവാദം ☐ ഭൗതികവാദം ☐ ഹ്യൂമനിസം

2 സമൂഹത്തെ വഴി തെറ്റിക്കുന്ന മാധ്യമപ്രവർത്തനത്തെ ക്രിമിനൽ കുറ്റമായി വിശേഷിപ്പിച്ചത്.

☐ ശ്രീനാരായണ ഗുരു ☐ ഗാന്ധിജി ☐ നെഹ്റു

3 ഈശോ താൻ പൂർത്തീകരിച്ച ദൈവികവെളിപാടിന് സാക്ഷികളാകാനും അത് ലോകത്തിന്റെ അതിർത്തികൾ വരെ പ്രഘോഷിക്കാനും ആരെയാണ് തെരഞ്ഞെടുത്ത് നിയോഗിച്ചത്?

☐ 12 ശ്ലീഹന്മാരെ ☐ പ്രവാചകരെ ☐ പുരോഹിതരെ

4 ഭാരതത്തിലെ ഏറ്റവും ചെറിയ മതസമൂഹങ്ങളിൽ ഒന്നാണ്.

☐ ക്രൈസ്തവർ ☐ സിക്കുകാർ ☐ പാഴ്സികൾ

5 അബ്രാഹത്തിന്റെ വിശ്വാസത്തിന് പ്രത്യേക പ്രാധാന്യം നല്കുന്ന ലേഖനമാണ്.

☐ റോമ ☐ ഗലേഷ്യ ☐ ഹെബ്രായ

6 പരിശുദ്ധാത്മാവിന്റെ ദാനമാണ്.

☐ ആനന്ദം ☐ പ്രാർത്ഥന ☐ ദൈവഭയം

7 ഹീബ്രുഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനമാണ്.

☐ സെപ്ത്വജിന്ത് ☐ കാനോൻ ☐ വുൾഗാത്ത

8 കത്തോലിക്കാസഭയുടെ പാരമ്പര്യമനുസരിച്ച് വി. ഗ്രന്ഥത്തിൽ എത്ര പുസ്തകങ്ങളാണ് കാനോനിക ഗ്രന്ഥങ്ങളായുള്ളത്?

☐ 72 ☐ 73 ☐ 46

9 പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും നിയമവാഴ്ച ഉറപ്പുവരുത്തുന്നതിലും സർക്കാരിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലും നിർണ്ണായക പങ്കുവഹിക്കുന്നവയാണ്.

☐ വിദ്യാലയങ്ങൾ ☐ മാധ്യമങ്ങൾ ☐ പ്രസിദ്ധീകരണങ്ങൾ

10 പ്രലോഭനങ്ങളെ അതിജീവിക്കാനും പീഡനങ്ങൾ സഹിക്കാനും നമുക്ക് പ്രേരണ നൽകുന്നത് ആരിൽ നിന്നാണ്?

☐ വിശുദ്ധരിൽ നിന്ന് ☐ ഈശോയിൽ നിന്ന് ☐ രക്തസാക്ഷികളിൽ നിന്ന്

**ഉത്തരമെഴുതുക.** (5 X 2 = 10)

11 ലെയോ XIII -ാമൻ പാപ്പ ദൈവനിവേശനത്തെ വിശദീകരിക്കുന്ന ചാക്രികലേഖനം ഏതാണ്?

12 ക്രൈസ്തവ പ്രേഷിതപ്രവർത്തനത്തിന്റെ കാതൽ എന്താണ്?

13 കൊച്ചി സർക്കാർ ആദ്യമായി കുഷ്ഠരോഗികൾക്കായി ആശുപത്രി തുടങ്ങിയത് എവിടെയാണ്?

14 മനുഷ്യന്റെ അന്ത്യങ്ങൾ ഏവ?

15 കേരളസമൂഹത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനും കത്തോലിക്കർ മറ്റേതു മതസമൂഹത്തെക്കാളും സംഭാവനകൾ നൽകിയിട്ടുള്ള മേഖലകൾ ഏതാണ്?

**ചേരുംപടി ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | റ്റി.ബി. ബാരറ്റ് | ........................ | മനഃശാസ്ത്രജ്ഞൻ |
| 17 | വി. ജെറോം | ........................ | മെത്തഡിസ്റ്റു സഭ |
| 18 | മൂലപാപം | ........................ | വുൾഗാത്ത |
| 19 | പ്രതീക്ഷയുടെ തീർത്ഥാടകർ | ........................ | ദ്രവ്യാഗ്രഹം |
| 20 | ആൽഫ്രഡ് ആഡ്ലർ | ........................ | ജൂബിലി വർഷം |
| | | | തത്വശാസ്ത്രജ്ഞൻ |

**ദൈവവചനം പൂർത്തിയാക്കുക.** (3 X 3 = 9)

21 “മാത്സര്യമോ വ്യർത്ഥാഭിമാനം മൂലമോ നിങ്ങൾ ..............................

..............................

..............................

..............................

.............. നിങ്ങൾ മറ്റുള്ളവരുടെ താല്പര്യവും പരിഗണിക്കണം” (ഫിലി. 2:3-4).

22 “എവിടെ അസൂയയും സ്വാർത്ഥതയും ഉണ്ടോ ..............................

..............................

..............................

..............................

.............. കാരുണ്യവും സൽഫലങ്ങൾ നിറഞ്ഞതുമാണ്” (യാക്കോ. 3:16-17).

23 “കർത്താവേ അങ്ങയുടെ മാർഗ്ഗങ്ങൾ ..............................

..............................

..............................

..............................

.............. എന്തെന്നാൽ അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം” (സങ്കീ. 25:4-5).

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.** (4 X 4 = 16)

24 കത്തോലിക്കാ കാഴ്ചപ്പാടിൽ ദൈവനിവേശനം എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന നാല് വസ്തുതകൾ ഏതെല്ലാം?

25 സുഖലോലുപതയും ധൂർത്തും ക്രൈസ്തവജീവിതത്തിന് വിഘാതമാകുന്നതെങ്ങനെ?

26 മതാന്തരസംവാദത്തെ സുവിശേഷപ്രഘോഷണത്തിന്റെ പാശ്ചാത്തലത്തിൽ അവതരിപ്പിക്കാവുന്ന മാതൃകകൾ ഏവയാണ്?

27 അനുരഞ്ജനകൂദാശക്കുള്ള ജപം എഴുതുക.

**അരപേജിൽ ഉത്തരമെഴുതുക.** (4 X 5 = 20)

28 വിശ്വാസത്തിന്റെ സംശുദ്ധ സാക്ഷാത്ക്കാരമായി മറിയത്തെ 'സഭ' വണങ്ങുന്നു. എന്തുകൊണ്ടാണ്?

29 'എന്റെ സഭ' എന്നർത്ഥം വരുന്ന രീതിയിൽ സഭയുടെ തനിമയെ പ്രകീർത്തിച്ചുകൊണ്ട് ഒരു കവിതയോ കഥയോ തയ്യാറാക്കുക.

30 ആധുനികയുഗത്തിൽ മനുഷ്യനെ തേടി വരുന്ന ലൗകിക പ്രലോഭനങ്ങൾ ഏതെല്ലാം രൂപത്തിലാണെന്ന് വിശദമാക്കുക.

31 മാധ്യമപ്രവർത്തനം രാജ്യസേവനവും സാമൂഹ്യപ്രവർത്തനവും ആകുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.